10421
11/5/17

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്- മലയാറ്റൂർ ഡിവിഷനിൽ തുണ്ടത്തിൽ റെയിഞ്ച് വടാട്ടുപാറ/മകരച്ചാൽ എന്നീ സെക്ഷനുകളിൽ അതിർത്തിക്കു ചുറ്റും ജണ്ടകൾ നിർമ്മിച്ചതിൽ ക്രമക്കേട്- ശ്രീ.എ.എൻ.രാമകൃഷ്ണൻ നായർ, റെയിഞ്ച് ഓഫീസർ (റിട്ട) നെതിരെയുള്ള അച്ചടക്ക നടപടി- 29.11.2016 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ റ്റി എ-993/2012-ാം നമ്പർ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.178/2017/വനം തീയതി, തിരുവനന്തപുരം, 08.05.2017

---

പരാമർശം:- 1) 22.05.1986 ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി ന്റെ ബി4-17120/86 നമ്പർ ഉത്തരവ്

2) 02.03.1987 ലെ വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ ബി4-17120/86 നമ്പർ ഉത്തരവ്

3) 09.11.1988 ലെ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റ (സംരക്ഷണം) റുടെ ബി4-17120/86 നമ്പർ ഉത്തരവ്

4) 11.04.1989 ലെ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റ (സംരക്ഷണം) റുടെ ബി4-17120/86 നമ്പർ ഉത്തരവ്

5) 05.06.1990 ൽ ശ്രീ.എ.എൻ.രാമകൃഷ്ണൻ നായർ സമർപ്പിച്ച അപ്പീൽ

6) 13.08.1991 ലെ 18174/എ 2/1989 വനം നമ്പർ സർക്കാർ കത്ത്

7) 29.11.2016 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം

## ഉത്തരവ്

ശ്രീ.എ.എൻ.രാമകൃഷ്ണൻ നായർ മലയാറ്റൂർ ഡിവിഷനിലെ തുണ്ടത്തിൽ റെയിഞ്ചിലെ റെയിഞ്ചാഫീസറായി ജോലി നോക്കി വരവെ വടാട്ടുപാറ/ മകരച്ചാൽ എന്നീ സെക്ഷനുകളിൽ അതിർത്തിക്കു ചുറ്റും ജണ്ടകൾ നിർമ്മിച്ചതിൽ ക്രമക്കേടുകൾ കാണിക്കുകയും സർക്കാരിന് ഭീമമായ നഷ്ടം വരുത്തി വയ്ക്കുകയും ചെയ്തു എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് പരാമർശം (1) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2. ടിയാനുൾപ്പെടെയുള്ള കുറ്റാരോപിതരുടെ നിരപരാധിത്വം തെളിയിക്കുന്നതിനും കൂടുതൽ തെളിവു ശേഖരിക്കുന്നതിനുമായി പരാമർശം (2) പ്രകാരം ഔപചാരിക അന്വേഷണത്തിന് ഉത്തരവായി. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ കാരണം സർക്കാരിന് നഷ്ടം ഉണ്ടായിട്ടുള്ളതായി അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിരുന്നു. സർക്കാർ നഷ്ടമായ 59,268.77 രൂപയിൽ മൂന്ന് ജണ്ടകൾ പൊളിച്ചു കെട്ടിയിട്ടുള്ളതിനാൽ ടി ജണ്ടകൾ കെട്ടുന്നതിന് ചെലവായ തുകയായ 735.69 രൂപ കുറച്ച് ബാക്കി തുകയായ 58,533/- രൂപയിൽ 50% ശ്രീ.എ.എൻ.രാമകൃഷ്ണൻ നായരിൽ നിന്നും (29,266.50 രൂപ) ബാക്കി 50% മറ്റ് കുറ്റാരോപിതരായ ശ്രീ.കെ.എൻ.നാരായണപിള്ള, ഫോറസ്റ്റർ, ശ്രീ.എസ്.എൻ.ബാലകൃഷ്ണൻ

നായർ, ഫോറസ്റ്റർ, ശ്രീ.പി.എം.പീറ്റർ, ഫോറസ്റ്റ് ഗാർഡ് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

3. കാരണം കാണിക്കൽ നോട്ടീസിന് ഉദ്യോഗസ്ഥർ സമർപ്പിച്ച മറുപടി പരിശോധിച്ചതിലും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും ഉദ്യോഗസ്ഥർക്കെതിരെ ആരോപിച്ചിരുന്ന കുറ്റങ്ങളെല്ലാം തന്നെ സംശയാതീതമായി തെളിഞ്ഞിട്ടുള്ളതായി കണ്ടെത്തി. കൂടാതെ അടങ്കലിലെ വകയിരുത്തലിന് വിരുദ്ധമായി ഗുണമേന്മയില്ലാത്ത മണൽ, കല്ല് എന്നിവ ഉപയോഗിച്ചതിനാലും, സിമന്റ് മണൽ, കല്ല് ഇവ അടങ്കലിലെ അനുപാതത്തിൽ ഉപയോഗിക്കാതിരുന്നതിനാലും ശരിയായ ക്യൂവറിംഗ് തക്ക സമയത്തു നടത്താതിരുന്നതിനാലും ടി പ്രവൃത്തി ഇനത്തിൽ സർക്കാർ മുതൽ മുടക്ക് മുഴുവൻ നഷ്ടത്തിൽ കലാശിക്കുകയാണുണ്ടായത്. ആയതിന് ഉത്തരവാദപ്പെട്ട റെയിഞ്ചാഫീസർ ശ്രീ.എ.എൻ രാമകൃഷ്ണൻ നായരുടെ ഭാഗത്തു നിന്നും ഗുരുതരമായ അനാസ്ഥയാണ് വന്നിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

4. മേൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ സർക്കാരിന് നേരിട്ടിട്ടുള്ള നഷ്ടത്തിന്റെ തുക 67,438.25 രൂപ (പാസാക്കിയെടുത്തിട്ടുള്ള വൗച്ചർ തുക) കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്ന് പിടിച്ചെടുക്കാൻ തീരുമാനിച്ചുകൊണ്ട് പരാമർശം (4) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി. ടി ഉത്തരവിൽ ശ്രീ.എ.എൻ രാമകൃഷ്ണൻ നായരിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ 50% (33,719.10 രൂപ) ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കേണ്ടതും ബാക്കി തുക വരുകയാണെങ്കിൽ ആയത് നിലവിലുള്ള നിയമപ്രകാരം ഈടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും വ്യക്തമാക്കിയിരുന്നു. പ്രസ്തുത ഉത്തരവ് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 24.04.1989 ൽ ടിയാന്റെ മേൽവിലാസത്തിൽ അയച്ചുകൊടുത്തിരുന്നു.

5. ടി ഉത്തരവിനെതിരെ പരാമർശം (5) പ്രകാരം ശ്രീ.എ.എൻ രാമകൃഷ്ണൻ നായർ സർക്കാർ മുൻപാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായി. ശ്രീ.എ.എൻ.രാമകൃഷ്ണൻ നായർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലായെന്ന വിവരം പരാമർശം (6) പ്രകാരം ടിയാനെ അറിയിച്ചിരുന്നു.

6. 31.05.1986 ൽ സർവ്വീസിൽ നിന്നു വിരമിച്ച ശ്രീ.എ.എൻ.രാമകൃഷ്ണൻ നായർക്ക് മേൽപ്പറഞ്ഞ കേസിലെ സർക്കാർ നഷ്ടത്തിൽ ടിയാന്റെ വിഹിതമായ 33,719/- രൂപയടക്കം ആകെ 92,883/- രൂപ ടിയാന്റെ ബാധ്യതയായി കണക്കാക്കിയിരുന്നു. ആയതിൽ ടിയാന്റെ ഡി.സി.ആർ.ജി തുകയായ 24,800/- രൂപ കുറവ് ചെയ്ത ബാക്കി തുകയായ 68,083/- രൂപ ടിയാന്റെ ബാധ്യതയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ടി തുക റവന്യൂ റിക്കവറി പ്രകാരം ടിയാനിൽ നിന്ന് ഈടാക്കാനുള്ള നടപടി മൂവാറ്റുപുഴ ഡെപ്യൂട്ടി തഹസിൽദാർ 04.02.2000 ലെ ബി5-4128/2000 നമ്പർ പ്രകാരം ആരംഭിച്ചതിനെതിരെ ശ്രീ.എ.എൻ.രാമകൃഷ്ണൻ നായർ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം.38352/2003 കേസാണ് പിന്നീട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ റ്റി.എ 993/2012 നമ്പരായി മാറ്റിയിട്ടുള്ളത്.

7. പരാമർശം (6) പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദാക്കിയും പരാമർശം (5) പ്രകാരം സമർപ്പിച്ച അപ്പീൽ പരാതി സ്വീകരിച്ച് ആയതിന്മേൽ ടിയാനെ നേരിൽ കേട്ട ശേഷം മൂന്നു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്നും റ്റി എ 993/2012 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (7) പ്രകാരം ഉത്തരവായിട്ടുണ്ട്.

8. ശ്രീ.എ.എൻ.രാമകൃഷ്ണൻ നായർ, റെയിഞ്ച് ഓഫീസർ (റിട്ട) നെ 20.03.2017 ന് രാവിലെ വനം വകുപ്പ് അണ്ടർ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നേരിൽ കേൾക്കുവാൻ

തീരുമാനിച്ച് നോട്ടീസയച്ചുവെങ്കിലും ശാരീരിക അവശതകൾ കാരണം ഇവിടെ വരെ യാത്ര ചെയ്ത് എത്തിച്ചേരുവാൻ കഴിയില്ലായെന്നും ടിയാന്റെ വാസസ്ഥലത്തിനടുത്തുള്ള വനം വകുപ്പ് ഓഫീസിൽ വച്ച് നേരിൽ കേൾക്കണമെന്നുള്ള അഭ്യർത്ഥന മാനിച്ച് കൊണ്ട് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ വച്ച് 03.04.2017 ന് ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.

9. നേരിൽ കേട്ട വേളയിൽ ടിയാൻ താഴെപ്പറയുന്ന വാദമുഖങ്ങൾ ഉന്നയിച്ചു.

ടിയാൻ 1986 ൽ മെയ് 31 ന് മുഴുവൻ പെൻഷനോട് കൂടി പിരിഞ്ഞിട്ടുള്ളതാണെന്നും സർവ്വീസ് കാലയളവിൽ ജോലി സത്യസന്ധതയോടെ ചെയ്തിട്ടുള്ളതാണെന്നും ടിയാന് 1961 ൽ ഇന്ത്യൻ പ്രസിഡന്റിൽ നിന്നും പ്രശസ്ത സേവനത്തിനുള്ള സിൽവർ മെഡലും സർട്ടിഫിക്കറ്റും ലഭിച്ചിട്ടുള്ളതുമാണ്.

10. ടിയാൻ 1984-85 ൽ വനത്തിന്റെ അതിരുകളിൽ ഏതാനും ജണ്ടകൾ കെട്ടിച്ചു എന്നുള്ളത് ശരിയാണ്. ഡിപ്പാർട്ട്മെന്റ് പാസ്സാക്കിയിട്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കൃത്യമായാണ് ജണ്ട നിർമ്മാണം നടത്തിയിട്ടുള്ളതെന്നും എന്നാൽ പെൻഷൻ പറ്റി പിരിഞ്ഞ ശേഷം ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുണ്ടെന്നും, 33,719/- രൂപ തിരികെ അടയ്ക്കണമെന്നും അറിയിച്ച് കത്ത് കിട്ടിയിട്ടുള്ളതാണെന്നും എന്നാൽ എന്ത് ക്രമക്കേടാണ് ഉണ്ടായിട്ടുള്ളതെന്ന് കത്തിൽ വിശദീകരിച്ചിട്ടില്ലായെന്നും അതുപോലെ എന്ത് അടിസ്ഥാനത്തിലാണ് 33,719/- രൂപ നിരാകരിച്ചതെന്നും പറഞ്ഞിട്ടില്ല.

11. ജണ്ട നിർമ്മാണം പൂർത്തിയായപ്പോൾ മേൽ ഉദ്യോഗസ്ഥൻ (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ) പരിശോധിക്കുകയും ടിയാൻ തയ്യാറാക്കിയിട്ടുള്ള എം ബുക്കിൽ ജണ്ട നിർമ്മാണം തൃപ്തികരമായിട്ടാണ് ചെയ്തിട്ടുള്ളതെന്ന് സർട്ടിഫൈ ചെയ്യുകയും, അതിനു ശേഷം ഈ വർക്കിന് ചെലവായ തുകയ്ക്കുള്ള വൗച്ചർ പാസ്സാക്കിയെന്നും, എം ബുക്കും വൗച്ചറുകളും പരിശോധിക്കാൻ ടിയാനെ അനുവദിക്കണമെന്ന് കാണിച്ച് പലതവണ അപേക്ഷിച്ചുവെങ്കിലും ഇത് സംബന്ധിച്ച് യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നും അറിയിച്ചു. ഡിപ്പാർട്ട്മെന്റ് ജോലികൾക്ക് അഡ്വാൻസ് വാങ്ങുന്നത് എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിലാണ് അപ്രകാരം വാങ്ങുന്ന തുകയുടെ വൗച്ചറുകളും ക്യാഷ് ബുക്കിന്റെ പകർപ്പും സഹിതമാണ് അടുത്ത അഡ്വാൻസിന് അപേക്ഷിക്കുന്നത്. ടിയാൻ തയ്യാറാക്കി കൊടുത്തിട്ടുള്ള വൗച്ചറും ക്യാഷ് ബുക്കിന്റെ കോപ്പിയും ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടാണ് തുടർന്നുള്ള അഡ്വാൻസ് അനുവദിക്കുന്നത്. ഇങ്ങനെ പരിശോധിക്കുമ്പോൾ അനുവദനീയമല്ലാത്ത തുക ചെലവഴിച്ചെങ്കിൽ അടുത്ത അഡ്വാൻസ് നൽകാറില്ല. അതുകൊണ്ട് അനുദവനീയമല്ലാത്ത തുകയാണ് നിരാകരിച്ചതെന്ന വാദം വസ്തുതകൾക്ക് നിരക്കാത്തതാണ്.

ഏതെല്ലാം വർക്കിന് എന്തെല്ലാം വാങ്ങി എന്നും അപ്രകാരം വാങ്ങി എന്ന് പറയുന്ന തുകയ്ക്കുള്ള രസീതോ തീയതിയോ കത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല.

12. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05.11.1976 ലെ 83/76 നമ്പർ സർക്കുലർ പ്രകാരം

(i) അവ്യക്തമായ റിക്കവറി ഉത്തരവുകൾ ഒഴിവാക്കണം.

(ii) ഏതെങ്കിലും റിക്കവറി ഓഡറിട്ടാൽ എന്തടിസ്ഥാനത്തിലാണ് റിക്കവറി എന്നും അതിനുള്ള സാഹചര്യമെന്തെന്നും കൂടാതെ ഫയൽ നമ്പറും അഡ്വാൻസ് ഏത് റെയിഞ്ചിൽ ഏത് വർക്കിന് വാങ്ങി എന്നും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

13. ഇതിൽ നിന്നും ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലാണ് തിരിച്ചടയ്ക്കണമെന്ന് പറയുന്ന തുക നിശ്ചയിച്ചിട്ടുള്ളതെന്ന് കരുതേണ്ടിയിരിക്കുന്നു, സംഗതികൾ ഇപ്രകാരമിരിക്കെ

ടിയാന്റെ പേരിൽ എടുത്തിട്ടുള്ള റവന്യൂ റിക്കവറി പുന പരിശോധിക്കണമെന്ന് അപേക്ഷിച്ചിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

14. ശ്രീ.എൻ.രാമകൃഷ്ണൻ നായരുടെ അപ്പീൽ പരാതി റ്റി എ-993/2012 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.11.2016 ലെ ഉത്തരവ് പ്രകാരവും നിലവിലെ ചട്ടങ്ങളുടെ വെളിച്ചത്തിലും സർക്കാർ വിശദമായി പരിശോധിച്ചു.

15. ശ്രീ.എ.എൻ.രാമകൃഷ്ണൻ നായരുടെ വാദമുഖങ്ങളിൽ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടു സംബന്ധിച്ച് 33,719/-രൂപ തിരികെ അടയ്ക്കണമെന്നറിയിച്ചുള്ള കത്ത് ലഭിച്ചതിനു ശേഷം എം ബുക്കും വൗച്ചറുകളും പരിശോധിക്കാൻ ടിയാനെ അനുവദിക്കണമെന്നുള്ള അപേക്ഷയിന്മേൽ യാതൊരു നടപടിയും ഉണ്ടായില്ല എന്നതിന്മേൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിശദീകരണം നൽകുവാൻ കഴിഞ്ഞിട്ടില്ല. മാത്രവുമല്ല എം. ബുക്ക് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാനും സാധിച്ചിട്ടില്ല. ഉദ്യോഗസ്ഥർ വനത്തിൽ ചെയ്യുന്ന ജോലികൾ തൃപ്തികരമാണോ, ഉയർന്ന ഉദ്യോഗസ്ഥനു മറ്റഭിപ്രായമുണ്ടോ എന്നിവ പരിശോധിക്കണമെങ്കിൽ എം.ബുക്ക് രേഖകൾ പരിശോധിക്കേണ്ടതുണ്ട്. എം.ബുക്ക് ലഭ്യമല്ലാത്ത സാഹചര്യത്തിൽ എം.ബുക്കിൽ ജണ്ട നിർമ്മാണം തൃപ്തികരമായിട്ടാണ് ചെയ്തിട്ടുള്ളതെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സർട്ടിഫൈ ചെയ്തിട്ടുണ്ടെന്ന ടിയാന്റെ വാദം മുഖവിലയ്ക്കെടുക്കാവുന്നതാണെന്ന് സർക്കാർ കരുതുന്നു. മാത്രവുമല്ല ടിയാൻ 1986 ൽ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചയാളാണെന്നും, ഇപ്പോൾ 87 വയസ്സു പ്രായമായതു കാരണം ശാരീരിക അവശതകളും വാർദ്ധക്യസഹജമായ അസുഖങ്ങളും കാരണം വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടെന്നുമുള്ള ടിയാന്റെ ഹിയറിംഗ് വേളയിലെ വാദവും പരിഗണിച്ച് അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിച്ച് ജണ്ട നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച് പരാമർശം (4) പ്രകാരം ഈടാക്കുവാൻ തീരുമാനിച്ച 33719/- രൂപ, റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാനുള്ള 68,083/- രൂപയിൽ നിന്നും കുറവ് ചെയ്ത് ബാക്കി തുകയായ 34,364/- രൂപ മാത്രം ടിയാന്റെ ബാധ്യതയായി കണക്കാക്കി, ടി തുക റവന്യൂ റിക്കവറി നടപടി പ്രകാരം ടിയാനിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണം) ക്ക് നിർദ്ദേശം നൽകി അപ്രകാരം പരാമർശം (7) ലെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

നാസറുദ്ദീൻ എ

അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.എ.എൻ.രാമകൃഷ്ണൻ നായർ, റെയിഞ്ച് ഓഫീസർ (റിട്ട)
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള എറണാകുളം (ആമുഖ കത്ത് സഹിതം)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ